# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### 2018 ജനുവരി 23, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 2

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ജനുവരി 23, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

467/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചരമോപചാരം**

കെ. കെ. രാമചന്ദ്രൻ നായർ, മുൻമന്ത്രി ഇ. ചന്ദ്രശേഖരൻ നായർ
എന്നിവരുടെ നിര്യാണം .. 1

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ജനുവരി 23, ചൊവ്വ*

| വാല്യം 170] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|

നിയമസഭ 2018 ജനുവരി മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ......

### ചരമോപചാരം

കെ. കെ. രാമചന്ദ്രൻ നായർ, മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ എന്നിവരുടെ നിര്യാണം

പതിനാലാം കേരള നിയമസഭാംഗമായിരുന്ന കെ. കെ. രാമചന്ദ്രൻ നായർ, മുൻ മന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ എന്നിവർ നിര്യാതരായി.

കെ. കെ. രാമചന്ദ്രൻ നായർ

പതിനാലാം കേരള നിയമസഭാംഗമായി നമ്മോടൊപ്പമുണ്ടായിരുന്ന കെ. കെ. രാമചന്ദ്രൻ നായർ 2018 ജനുവരി 14-ന് അന്തരിച്ചു.

അദ്ദേഹം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) പ്രതിനിധിയായാണ് നിയമസഭാംഗമായത്. ചെങ്ങന്നൂർ ആലയിൽ കെ. പി. കരുണാകരൻ നായരുടെയും ഭാരതിയമ്മയുടെയും മകനായി 1952 ഡിസംബർ 1-ാം തീയതി കെ. കെ. രാമചന്ദ്രൻ നായർ ജനിച്ചു.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായ അദ്ദേഹം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നിന്നും പ്രീഡിഗ്രിയും പന്തളം എൻ.എസ്.എസ്. കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലാ കോളേജിൽ നിന്ന് നിയമബിരുദവും നേടി. തുടർന്ന് ചെങ്ങന്നൂർ കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു.

തിരുവനന്തപുരം ലാ കോളേജ് യൂണിയൻ ചെയർമാൻ, എസ്.എഫ്.ഐ. ആലപ്പുഴ, തിരുവനന്തപുരം ജില്ലാ കമ്മിറ്റികളിൽ അംഗം, ഡി.വൈ.എഫ്.ഐ. താലൂക്ക് സെക്രട്ടറി, സി.പി.ഐ.(എം) ചെങ്ങന്നൂർ ഏരിയാ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കൂടാതെ, ചെങ്ങന്നൂർ ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുടെ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം 'സർഗ്ഗവേദി' എന്നൊരു സാംസ്കാരിക സംഘടനയ്ക്ക് രൂപം നൽകുകയും സംഘടനയുടെ പ്രസിഡന്റ് പദവി വഹിക്കുകയും ചെയ്തു.

ചെങ്ങന്നൂരിലെ കലാ-സാഹിത്യ സദസ്സുകളിൽ നിറസാന്നിദ്ധ്യമായിരുന്ന കെ. കെ. രാമചന്ദ്രൻ നായർ വായന, സംഗീതം, കഥകളി എന്നിവയിൽ അതീവ തല്പരനായിരുന്നു. ചെങ്ങന്നൂരിന്റെ സമഗ്ര വികസനം സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിയമസഭാ സാമാജികർക്ക് എന്നും മാതൃകയാണ്. രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിക്കുംവരെ മണ്ഡലത്തിൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അദ്ദേഹം കഠിനമായി പ്രവർത്തിച്ചു. വരട്ടാർ പുനരുജ്ജീവന പ്രവർത്തനത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച അദ്ദേഹം ആല പഞ്ചായത്തിലെ ഉത്തരപ്പള്ളിയാറിനെ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിക്കാനിരിക്കുകയായിരുന്നു.

ആലപ്പുഴ ജില്ലയിലെ കിഴക്കൻ മേഖലകളിലെ തൊഴിലാളി ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. അഭിഭാഷകൻ എന്ന നിലയിലും പൊതുപ്രവർത്തകൻ എന്ന നിലയിലും രാഷ്ട്രീയത്തിന് ഉപരിയായി സ്നേഹവും സൗഹൃദവും പുലർത്തിയ നേതാവായിരുന്നു അദ്ദേഹം. സമര പോരാട്ടങ്ങളിൽ സജീവമായി പങ്കെടുത്ത അദ്ദേഹത്തിന് അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസവും അനുഷ്ഠിക്കേണ്ടതായി വന്നു.

സാധാരണ മനുഷ്യരോട് തോൾചേർന്നുനിന്ന് അവരിലൊരാളായി ജീവിതം നയിച്ച കെ. കെ. രാമചന്ദ്രൻ നായരുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു സാമാജികനേയും മികവുറ്റ ഒരു പൊതുപ്രവർത്തകനേയും സർവ്വോപരി ഒരു മനുഷ്യസ്നേഹിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ഇ. ചന്ദ്രശേഖരൻ നായർ

മുൻ നിയമസഭാംഗമായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ 2017 നവംബർ 29-ന് അന്തരിച്ചു.

കൊല്ലം ജില്ലയിലെ എഴുകോൺ ഇടയിലഴികത്ത് എ. ഈശ്വരപിള്ളയുടേയും മീനാക്ഷി അമ്മയുടേയും മകനായി 1928 ഡിസംബർ 2-ന് ഇ. ചന്ദ്രശേഖരൻ നായർ ജനിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസ്സായി. ഗണിതശാസ്ത്രത്തിൽ ബിരുദമെടുത്തശേഷം അഭിഭാഷകവൃത്തിയിലേക്ക് തിരിഞ്ഞു. കൊട്ടാരക്കരയിലെ ഹൈസ്കൂളിൽ ഗണിത അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു.

വിദ്യാർത്ഥിയായിരിക്കെത്തന്നെ രാഷ്ട്രീയാഭിമുഖ്യമുണ്ടായിരുന്ന അദ്ദേഹം 1948-ൽ സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ പൊതുപ്രവർത്തന രംഗത്തെത്തി. 1952-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. കൊല്ലം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ഓൾ ഇന്ത്യാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫെഡറേഷൻ ചെയർമാൻ, നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ വൈസ് പ്രസിഡന്റ്, സെൻട്രൽ കമ്മിറ്റി ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് മികച്ച സഹകാരി എന്നതിനുള്ള 'സദാനന്ദൻ അവാർഡ് ' ലഭിച്ചിട്ടുണ്ട്.

സി.പി.ഐ. ദേശീയ കൺട്രോൾ കമ്മീഷനിലും ദേശീയ കൗൺസിലിലും അംഗമായും അദ്ദേഹം പ്രവർത്തിച്ചു.

ഒന്നാം കേരള നിയമസഭയിലേക്ക് കൊട്ടാരക്കരയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മൂന്നാം കേരള നിയമസഭയിലേക്കും അവിടെ നിന്നുതന്നെ തെരഞ്ഞെടുക്കപ്പെട്ടെങ്കിലും 1970-ൽ രാജിവച്ചു. തുടർന്ന് 5, 6 കേരള നിയമസഭകളിൽ ചടയമംഗലം മണ്ഡലത്തെയും 8-ാം കേരള നിയമസഭയിൽ പത്തനാപുരം മണ്ഡലത്തെയും 10-ാം കേരള നിയമസഭയിൽ കരുനാഗപ്പള്ളി മണ്ഡലത്തെയും അദ്ദേഹം പ്രതിനിധാനം ചെയ്തു. 25-1-1980 മുതൽ 20-10-1981 വരെ ഭക്ഷ്യവും സിവിൽ സപ്ലൈസും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയായും 2-4-1987 മുതൽ 17-6-1991 വരെ ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയായും 20-5-1996 മുതൽ 13-5-2001 വരെ ഭക്ഷ്യവും വിനോദസഞ്ചാരവും നിയമവും വകുപ്പുമന്ത്രിയായും പ്രവർത്തിച്ചു. ഭക്ഷ്യ വകുപ്പുമന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1987-ൽ ആരംഭിച്ച മാവേലി സ്റ്റോറുകൾ, ഓണച്ചന്ത എന്നിവ കേരളത്തിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുകയുണ്ടായി. സംസ്ഥാനത്തെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിൽ വിപ്ലവകരമായ മാറ്റങ്ങൾക്കും വിനോദസഞ്ചാര രംഗത്തെ പുഷ്ടിപ്പെടുത്തുന്ന നടപടികൾക്കും അദ്ദേഹം നേതൃത്വം നൽകി. കേരള നിയമസഭയുടെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാൻ, ഭൂപരിഷ്കരണ ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. മികച്ച പാർലമെന്റേറിയനുള്ള 'ആർ. ശങ്കരനാരായണൻ തമ്പി അവാർഡ് അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

'ജനയുഗം' ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം 'കേരള വികസന മാതൃക : പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും', 'ഹിന്ദുമതം ഹിന്ദുത്വം', 'ചിതറിയ ഓർമ്മകൾ', 'മറക്കാത്ത ഓർമ്മകൾ' എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. 'ഹിന്ദുമതം ഹിന്ദുത്വം' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു.

ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തോടെ ക്രാന്തദർശിയായ ഒരു ഭരണാധികാരിയേയും സൗമ്യവും ദീപ്തവുമായ സ്വഭാവസവിശേഷതയിലൂടെ ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയ ഒരു പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ. കെ. രാമചന്ദ്രൻ നായർ, ഇ. ചന്ദ്രശേഖരൻ നായർ എന്നിവരെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞ എല്ലാ വാക്കുകളോടും യോജിക്കുകയാണ്.

കെ. കെ. രാമചന്ദ്രൻ നായർ സ്നേഹവും ലാളിത്യവും നിറഞ്ഞ പെരുമാറ്റത്തിലൂടെ പരിചയപ്പെട്ടവരുടെയെല്ലാം മനസ്സിൽ സ്ഥാനമുറപ്പിച്ച നിയമസഭാ സാമാജികനായിരുന്നു. അങ്ങേയറ്റം അപ്രതീക്ഷിതമായിരുന്നു കെ. കെ. രാമചന്ദ്രൻ നായരുടെ വിയോഗം. നമ്മളെല്ലാവരും ആ വാർത്ത ഞെട്ടലോടെയാണ് അറിഞ്ഞത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സജീവമായി സഭാതലത്തിൽ കെ. കെ. രാമചന്ദ്രൻ നായർ വ്യാപരിച്ചത് നാം എല്ലാവരും കണ്ടതാണ്. അപ്പോഴൊന്നും അദ്ദേഹത്തിന് കാര്യമായ എന്തെങ്കിലും അസുഖമുള്ളതിന്റെ സൂചനപോലുമുണ്ടായിരുന്നില്ല. വളരെ പെട്ടെന്നാണ് രോഗം മൂർച്ഛിക്കുകയും അദ്ദേഹത്തെ കീഴ്പ്പെടുത്തുകയും ചെയ്തത്. അതുകൊണ്ടുതന്നെ ആ വിയോഗമുണ്ടാക്കിയ വേദന കൂടുതൽ തീവ്രമായിരിക്കും.

പല പതിറ്റാണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തിയതിന്റെ പശ്ചാത്തലവുമായാണ് കെ. കെ. രാമചന്ദ്രൻ നായർ നിയമസഭയിലേക്ക് കടന്നുവന്നത്. ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സഭാതലത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ മുഴുവൻ ശ്രദ്ധയും ഉണ്ടായിരുന്നുവെന്നത് നിയമസഭാ പ്രവർത്തനത്തിലൂടെ നാം കണ്ടതാണ്. നാടിന്റെയും നാട്ടുകാരുടെയും പ്രശ്നങ്ങൾക്ക് പരിഹാരംതേടി രാപ്പകൽ ഭേദമില്ലാതെ അദ്ദേഹം ഓടിനടന്ന് പ്രവർത്തിക്കുകയായിരുന്നു. അങ്ങ് സൂചിപ്പിച്ചതു പോലെ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയും യുവജന പ്രസ്ഥാനത്തിലൂടെയും സി.പി.ഐ.(എം.)-ലേയ്ക്ക് കടന്നുവന്ന രാമചന്ദ്രൻ നായർ സാമൂഹ്യ വിഷയങ്ങളിൽ എക്കാലവും ജിജ്ഞാസുവായ ഒരു പൊതുപ്രവർത്തകനായിരുന്നു.

ധനതത്വ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നിയമത്തിൽ ബിരുദവും നേടിയ അദ്ദേഹം ചെങ്ങന്നൂർ കോടതിയിൽ അഭിഭാഷകനായെങ്കിലും സാമൂഹ്യ ജീവിതം പുരോഗമനപരമായി മാറ്റി മറിക്കാനായി ഇടപെടുക എന്നതാണ് തന്റെ

ജീവിത ദൗത്യമെന്ന് അഭിഭാഷക ജീവിതത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ അദ്ദേഹം തിരിച്ചറിഞ്ഞു. സി.പി.ഐ.(എം.)-ന്റെ ചെങ്ങന്നൂർ താലൂക്ക് സെക്രട്ടറിയായും ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗമായും ഏറെക്കാലം അദ്ദേഹം പ്രവർത്തിച്ചു. നിരവധി തൊഴിലാളി സംഘടനകളെ നയിക്കുകയും ചെയ്തു. ജനങ്ങൾക്ക് സുസമ്മതനായ വ്യക്തിത്വമായിരുന്നു കെ. കെ. രാമചന്ദ്രൻ നായർ. അതുകൊണ്ടുതന്നെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നല്ല ഭൂരിപക്ഷത്തോടെ അദ്ദേഹത്തിന് വിജയം ഉറപ്പാക്കാൻ കഴിഞ്ഞു. ഉയർന്ന നിലവാരത്തിലുള്ള സാംസ്കാരിക പ്രവർത്തനം കെ. കെ. രാമചന്ദ്രൻ നായരുടെ വ്യക്തിത്വത്തിന്റെ സവിശേഷതയായിരുന്നു. 'സർഗ്ഗവേദി' എന്ന പേരിൽ ഒരു കലാ സാംസ്കാരിക സമിതി ചെങ്ങന്നൂരിൽ സ്ഥാപിക്കുകയും വിഖ്യാതരായ കലാകാരന്മാരുടെ കലാപ്രകടനങ്ങൾക്ക് അവിടെ വേദിയൊരുക്കുകയും ചെയ്തു. വികസനോന്മുഖത കെ. കെ. രാമചന്ദ്രൻ നായരുടെ മുഖമുദ്രയായിരുന്നു. കരുണ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുമായി ബന്ധപ്പെട്ട് അദ്ദേഹം ചെങ്ങന്നൂരിൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ വേദനിക്കുന്നവരോടുള്ള അദ്ദേഹത്തിന്റെ കരുതലുകൾക്കുള്ള ദൃഷ്ടാന്തങ്ങളായിരുന്നു. ജില്ലാ ശിശുക്ഷേമസമിതി പ്രസിഡന്റ്, ബാർ അസോസിയേഷൻ പ്രസിഡന്റ് എന്നിങ്ങനെ വിവിധതലങ്ങളിൽ അദ്ദേഹം സേവനം നടത്തിയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വപരമായ പങ്ക് വരട്ടാർ പുനരുജ്ജീവന പ്രവർത്തനത്തിൽ കണ്ടതാണ്. ഉത്തരപ്പള്ളിയാറിനെ ശുദ്ധീകരിച്ച് വീണ്ടെടുക്കുക എന്നത് സ്വപ്നമായി അദ്ദേഹം മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്തു. ഹരിത കേരളം അടക്കമുള്ള മിഷനുകളെ തന്റെ മണ്ഡലത്തിന്റെ ഉത്കർഷത്തിനായി ഉപയോഗപ്പെടുത്തുന്നതിൽ മാതൃകാപരമായ ശ്രദ്ധയാണ് കെ. കെ. രാമചന്ദ്രൻ നായർ കാട്ടിയത്. ചെങ്ങന്നൂരിലെ പുതിയ കോടതി സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചതിനും എം.സി. റോഡിലെ ചെങ്ങന്നൂർ ഭാഗത്തെ തടസ്സങ്ങൾ നീക്കിയെടുക്കുന്നതിനും പിന്നിൽ കെ. കെ. രാമചന്ദ്രൻ നായരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കുറച്ചുനാൾ മാത്രമേ അദ്ദേഹത്തിന് നിയമസഭാ സാമാജികനായി പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. കാലം കുറഞ്ഞ ദിനമെങ്കിലും അർത്ഥദീർഘം എന്ന് പറയാവുന്ന തരത്തിലാണ്. ആ ഹ്രസ്വഘട്ടത്തിൽ അദ്ദേഹം തുടങ്ങിവച്ച പദ്ധതികൾ എല്ലാക്കാലത്തേക്കുമായി നാടിന് ഉപകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആ പദ്ധതികൾ തുടർന്നുകൊണ്ടു പോകാൻ സാധിക്കട്ടെ. കെ. കെ. രാമചന്ദ്രൻ നായർ തുടക്കമിട്ട പദ്ധതികൾ പൂർത്തിയാക്കേണ്ടതുണ്ട്. അകാലത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. ആദരാഞ്ജലികൾ അർപ്പിക്കാൻ ജനങ്ങൾ എത്തിച്ചേർന്നിടത്തൊക്കെ നാം ആ ദുഃഖത്തിന്റെ തീവ്രത കണ്ടതാണ്. നാടിനും നാട്ടുകാർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കെ അന്തരിച്ച കെ. കെ. രാമചന്ദ്രൻ നായരുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇ. ചന്ദ്രശേഖരൻ നായരുടെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ. ദേശീയ സ്വാതന്ത്ര്യ സമരഘട്ടത്തെ സമകാലീനഘട്ടവുമായി ബന്ധിപ്പിച്ചു നിർത്തിയിരുന്ന വിലപ്പെട്ട ഒരു കണ്ണികൂടിയാണ് ഇ. ചന്ദ്രശേഖരൻ നായരുടെ വിയോഗത്തിലൂടെ അടർന്നുപോയത്. ഈ സഭയുമായി അദ്ദേഹത്തിനുള്ള ബന്ധം കേവലം ഔപചാരികതലത്തിലുള്ളത് മാത്രമല്ല. 1956-ലെ കേരളപ്പിറവിക്കുശേഷം രൂപീകരിക്കപ്പെട്ട ആദ്യ നിയമസഭയിൽത്തന്നെ ഇ. ചന്ദ്രശേഖരൻ നായർ അംഗമായിരുന്നു. അതുകൊണ്ടുതന്നെ ഈ സഭയെ കാലാനുസൃതമായി നവീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമൊക്കെ മുന്നിൽനിന്ന പ്രഗത്ഭനായ സാമാജികനായിരുന്നു അദ്ദേഹമെന്ന് നമുക്കേവർക്കും അറിയാവുന്നതാണ്. നിയമനിർമ്മാണ പ്രക്രിയയിലും നിയമസഭാ സമിതികളുടെ പ്രവർത്തനങ്ങളിലുമൊക്കെ അദ്ദേഹം നടത്തിയ ഇടപെടലുകൾ എന്നും പുതുതലമുറയിലുള്ള സാമാജികർക്ക് വലിയ പാഠങ്ങൾ തുറന്നുകൊടുത്തിട്ടുണ്ട്. നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ പതിഞ്ഞ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. കേരളത്തിന് പൊതുവിലും ഇടതുപക്ഷ പ്രസ്ഥാനത്തിന് പ്രത്യേകിച്ചും ഒരു കാലത്തും അദ്ദേഹത്തെ മറക്കാനാകില്ല. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മാനുഷിക മൂല്യങ്ങളും നൈതിക മൂല്യങ്ങളും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും അതിന് ജനസ്വീകാര്യത ഉറപ്പുവരുത്തുന്നതിനും ഇടതുപക്ഷ രാഷ്ട്രീയത്തെ പൊതുവിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വിശേഷിച്ചും ശക്തിപ്പെടുത്തുന്നതിന് തന്റെ വ്യക്തിത്വംകൊണ്ടും രാഷ്ട്രീയ ഇടപെടൽകൊണ്ടും വഹിച്ച പങ്ക് കേരള രാഷ്ട്രീയത്തിന് മറക്കാവുന്നതല്ല. ദീർഘമായ രാഷ്ട്രീയ ജീവിതത്തിന് ഉടമയായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. അതിൽ ത്യാഗപൂർണ്ണമായ യാതനാനുഭവങ്ങളുടെ ഘട്ടമുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ പ്രാദേശിക/ലോക്കൽ കമ്മിറ്റി സെക്രട്ടറി സ്ഥാനം മുതൽ പടിപടിയായി വളർന്നുവന്നതാണദ്ദേഹം. ഭരണാധികാരം ജനങ്ങൾക്കുവേണ്ടി കാര്യക്ഷമമായി ഉപയോഗിക്കാൻ വിശ്രമരഹിതമായി പ്രവർത്തിച്ച ഘട്ടമുണ്ട്.

സഹകരണ രംഗത്തിന് അദ്ദേഹം നൽകിയ സംഭാവന വളരെ വിലപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ സഹകരണ രംഗത്ത് പല തലങ്ങളിലായി പ്രാഗത്ഭ്യം തെളിയിക്കാൻ ഇ. ചന്ദ്രശേഖരൻ നായർക്ക് കഴിഞ്ഞിരുന്നു. സഹകരണ നിക്ഷേപ പദ്ധതിക്ക് തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നുവെന്നത് നാം ഈ ഘട്ടത്തിൽ ഓർക്കേണ്ടതാണ്. കൊല്ലം ജില്ലാ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കൗൺസിൽ തുടങ്ങിയ പല തലങ്ങളിൽ അദ്ദേഹം ചുമതല വഹിച്ച് പ്രവർത്തിച്ചതാണ്. മന്ത്രിയായിരുന്നപ്പോൾ മാവേലി സ്റ്റോർ പോലുള്ള കാര്യങ്ങൾ ആവിഷ്കരിച്ച് അദ്ദേഹം നടത്തിയ ഇടപെടൽ വലിയ തോതിൽ അംഗീകാരം നേടിയത് ബഹുമാനപ്പെട്ട സ്പീക്കർതന്നെ

സൂചിപ്പിക്കുകയുണ്ടായി. നല്ല വായനക്കാരനും അതിലുപരി ശ്രദ്ധേയനായ എഴുത്തുകാരനും കൂടിയായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. അടുത്തകാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ച 'ഹിന്ദുമതം ഹിന്ദുത്വം' എന്ന പുസ്തകം നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഭാരതീയ ദർശനങ്ങളുടെ സത്ത എന്താണ്, അത് സംഘപരിവാറിന്റെ ദുർവ്യാഖ്യാനങ്ങളാൽ വക്രീകരിക്കപ്പെടുന്നത് എങ്ങനെയാണ് തുടങ്ങിയ കാര്യങ്ങൾ കൃത്യമായി വ്യക്തമാക്കുന്നതാണ് ആ പുസ്തകം. സഹകരണ രംഗം മുതൽ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരം വരെ, അഭിപ്രായ സ്വാതന്ത്ര്യം മുതൽ മതനിരപേക്ഷതവരെ വിപത് ഭീഷണികൾ നേരിടുന്ന ഘട്ടത്തിൽ ഇ. ചന്ദ്രശേഖരൻ നായരെ പോലുള്ളവരുടെ സേവനം നാടിന് വലിയ തോതിൽ ആവശ്യമായി വരികയായിരുന്നു. ഇത്തരത്തിലുള്ള ഒരു ഘട്ടത്തിലാണ് ഈ വിയോഗമെന്നത് ഇതുമൂലമുള്ള നഷ്ടത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. വർഗ്ഗീയതയ്ക്കും സാമ്രാജ്യത്വത്തിനുമെതിരെ സ്വാതന്ത്ര്യത്തിന്റെയും മതനിരപേക്ഷതയുടെയും ഐക്യം ഊട്ടിഉറപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുകയെന്നതാണ് നമുക്ക് അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും വലിയ ആദരാഞ്ജലി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവായ മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. കെ. കെ. രാമചന്ദ്രൻ നായർ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മളോടൊപ്പമുണ്ടായിരുന്നതാണ്. ഇത്ര പെട്ടെന്ന് അദ്ദേഹം നമ്മളെ വേർപെട്ട് പോകുമെന്ന് ആരും കരുതിയിരുന്നതല്ല. തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ എന്റെ സീനിയറായി അദ്ദേഹം പഠിച്ച സന്ദർഭം ഞാൻ ഓർക്കുകയാണ്. ഞങ്ങൾ ഒരേ സ്ഥലത്തായിരുന്നു താമസിച്ചിരുന്നത്. ലാളിത്യംകൊണ്ട് എല്ലാവരുടെയും മനസ്സിനെ കീഴടക്കാൻ കഴിഞ്ഞ ഒരു വ്യക്തിത്വമായിരുന്നു കെ. കെ. രാമചന്ദ്രൻ നായരുടേത്. ഒരു വിദ്യാർത്ഥി പ്രവർത്തകൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം അങ്ങേയറ്റം ശ്ലാഘനീയമായിരുന്നു. ഞങ്ങളെല്ലാം പഠിച്ചിരുന്ന തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിലെ ചെയർമാനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഞാൻ ഇപ്പോഴും ഓർക്കുകയാണ്. എതിരാളികൾക്കുപോലും സമ്മതനായ ഒരു വ്യക്തിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം അന്നും പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. ഒരു പ്രദേശത്ത് ജനിച്ചുവളർന്ന ഞങ്ങൾക്ക് വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. അദ്ദേഹത്തിന് അസുഖമായിരുന്ന സന്ദർഭത്തിൽ ഞാൻ വിവരങ്ങൾ ചോദിച്ചുമനസ്സിലാക്കിയിരുന്നുവെങ്കിലും അതിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ അന്ന് കഴിഞ്ഞിരുന്നില്ല. അത് അദ്ദേഹത്തിനുപോലും പൂർണ്ണമായി ബോദ്ധ്യമുണ്ടായിരുന്നുവെന്ന് എനിക്ക് തോന്നുന്നില്ല. അവസാന നിമിഷംവരെ കർമ്മനിരതനായ ഒരു പൊതുപ്രവർത്തകനായാണ് അദ്ദേഹം ചെങ്ങന്നൂരിലും നിയമസഭാ പ്രവർത്തനങ്ങളിലുമെല്ലാം ഏർപ്പെട്ടിരുന്നതെന്നത് എല്ലാവർക്കും ബോദ്ധ്യമുള്ള ഒരു കാര്യമാണ്. എല്ലാവരെയും ഒരേപോലെ കാണാനും ജനങ്ങൾക്കുവേണ്ടി

ആത്മാർത്ഥതയോടെ പ്രവർത്തിക്കാനും കഴിയുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം ചെങ്ങന്നൂരിലെ കലാ-സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളിലെന്നും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. രാഷ്ട്രീയത്തിന് അതീതമായി എല്ലാവരുമായും സ്നേഹബന്ധം പുലർത്താൻ കഴിഞ്ഞ അദ്ദേഹം ഒരു അഭിഭാഷകനെന്നുള്ള നിലയിലും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം നിരവധി വാരികകളിൽ ആനുകാലിക സംഭവ വികാസങ്ങളെപ്പറ്റി വിദ്യാർത്ഥിയായിരിക്കുന്ന കാലം മുതൽ ധാരാളം ലേഖനങ്ങൾ അദ്ദേഹം എഴുതുമായിരുന്നു. കോളേജ് പഠനകാലത്ത് 'പന്തളീയൻ' എന്നൊരു മാസിക അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് അത് നിന്നുപോയെങ്കിലും ഞങ്ങളുടെ പ്രദേശത്ത് വളരെയേറെ ആളുകൾ വായിച്ചിരുന്ന ഒരു മാസികയായിരുന്നു അത്. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയ മാസിക അക്കാലത്ത് അവിടെ ഒരു ചർച്ചാവിഷയം തന്നെയായിരുന്നു. സംഗീതം ശാസ്ത്രീയമായി അഭ്യസിച്ചിട്ടുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. സമയം കിട്ടുമ്പോഴൊക്കെ സഹപാഠികളോടൊപ്പമിരുന്ന് ശാസ്ത്രീയസംഗീതം ആലപിക്കുന്ന കെ. കെ. രാമചന്ദ്രൻ നായരെയാണ് ഞാൻ ഓർക്കുന്നത്. സർവ്വകലാശാലാ യുവജനോത്സവത്തിൽ ശാസ്ത്രീയ സംഗീതത്തിൽ ഒന്നാം സ്ഥാനം നേടിയ കെ. കെ. രാമചന്ദ്രൻ നായരെ ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹം ആരംഭിച്ച 'സർഗ്ഗവേദി' ചെങ്ങന്നൂരിലെ പ്രമുഖമായ ഒരു സാഹിത്യ-സാംസ്കാരിക സംഘടനയായിരുന്നു. ആ പരിപാടികളിലും നിരവധി തവണ പങ്കെടുക്കാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. കെ. കെ. രാമചന്ദ്രൻ നായർ എന്നും വേദനിക്കുന്ന ഒരോർമ്മയായി നമ്മുടെയെല്ലാവരുടെയും മനസ്സിൽ തങ്ങിനിൽക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ചെറിയ ഒരു കാലമാണ് അദ്ദേഹത്തിന് നിയമസഭാംഗമായി പ്രവർത്തിക്കാനുള്ള അവസരം കിട്ടിയത്. ആ സന്ദർഭം ഫലപ്രദമായി വിനിയോഗിക്കുവാനും ഞങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി നിലകൊള്ളാനും കഴിഞ്ഞുവെന്നുള്ളത് ഞാൻ ഇവിടെ ഓർക്കുന്നു. കെ. കെ. രാമചന്ദ്രൻ നായരുടെ ധന്യമായ ഓർമ്മകൾക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

ഒരു ഗാന്ധിയൻ കമ്മ്യൂണിസ്റ്റ് എന്ന് പറയാൻ കഴിയുന്ന വ്യക്തിത്വമായിരുന്നു ഇ. ചന്ദ്രശേഖരൻ നായരുടേത്. സൗമ്യമായ പെരുമാറ്റംകൊണ്ടും ലാളിത്യംകൊണ്ടും എല്ലാവരുടെയും ആദരവ് പിടിച്ചുപറ്റാൻ കഴിഞ്ഞ, കേരള രാഷ്ട്രീയത്തിലെ സമുന്നതനായ ഒരു നേതാവായിരുന്നു അദ്ദേഹം. 6 തവണ ജനപ്രതിനിധിയും 3 തവണ മന്ത്രിയുമായിരുന്നുവെന്നതുകൊണ്ട് മാത്രമല്ല അദ്ദേഹത്തെ കേരളം ഓർക്കുന്നത്, ആ കാലയളവിലെല്ലാം ജനക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞ സമർത്ഥനായ ഒരു ജനസേവകനെന്നുള്ള നിലയിലായിരിക്കും അദ്ദേഹത്തെ കേരള സമൂഹം ഓർക്കുന്നത്.

ലാളിത്യം, എളിമ, സൗമ്യഭാവം തുടങ്ങിയവ അലങ്കാരമായിട്ടല്ല മറിച്ച് ഒരു പൊതുപ്രവർത്തകന് വേണ്ടിവരുന്ന അത്യാവശ്യം ഗുണങ്ങളായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്. അതുകൊണ്ടുതന്നെ അവയെല്ലാം അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തിലെ അവിഭാജ്യ ഘടകങ്ങളായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. താൻ ചെയ്ത കാര്യങ്ങളൊന്നും വിളംബരം ചെയ്യാനോ കല്ലിൽ കൊത്തിവയ്ക്കാനോ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല എന്നതും ഒരു സത്യമാണ്. തന്റെ പ്രവർത്തനങ്ങളുടെ മൂല്യം കാലവും ചരിത്രവും രേഖപ്പെടുത്തുമെന്ന ഉറച്ച വിശ്വാസം ഉണ്ടായിരുന്ന ഒരു പൊതുപ്രവർത്തകനായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. കൈകാര്യം ചെയ്ത എല്ലാ വകുപ്പുകളിലും ഒരു ധിഷണാശാലിയുടെ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇ. ചന്ദ്രശേഖരൻ നായർക്ക് കഴിഞ്ഞിരുന്നു.

ഭക്ഷ്യം, പൊതുവിതരണം, ഉപഭോക്തൃ കാര്യം, ഭവന നിർമ്മാണം, ടൂറിസം എന്നീ ഒട്ടനവധി വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. അതിലെല്ലാം അദ്ദേഹം വിലപ്പെട്ട സംഭാവനകൾ നൽകുകയും അവയെല്ലാം കാലത്തെ അതിജീവിച്ച് ഇ. ചന്ദ്രശേഖരൻ നായർക്കുള്ള നിത്യ സ്മാരകങ്ങളായി നിലകൊള്ളുകയും ചെയ്യുന്നു. 'മാവേലി മന്ത്രി' യെന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. ആരാധനയോടുകൂടി തന്നെയാണ് ജനങ്ങൾ അദ്ദേഹത്തെ കണ്ടത്. മാവേലി സ്റ്റോർ എന്ന സ്ഥാപനങ്ങളിലൂടെ, ഭക്ഷ്യവിതരണ മന്ത്രിയെന്ന നിലയിൽ വിപണിയിൽ അദ്ദേഹം നടത്തിയ ഇടപെടലുകളുടെ ഗുണഫലങ്ങൾ ഇന്നും നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. റേഷൻ വ്യാപാരികൾക്ക് ആദ്യമായി ക്ഷേമനിധി ഏർപ്പെടുത്തിയതും സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഒരു ജനകീയ സ്ഥാപനമാക്കി മാറ്റിയതും റംസാൻ, ക്രിസ്തുമസ്, ഓണച്ചന്തകൾ, പെട്രോൾ ബങ്കുകൾ, മൊബൈൽ മാവലേി സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ മുതലായവ തുടങ്ങിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു വടവൃക്ഷമായി വളർന്നതും അദ്ദേഹത്തിന്റെ കാലത്താണ്. 'മിൽമ' എന്ന പ്രസ്ഥാനം അദ്ദേഹത്തിന്റെ കാലത്താണ് ശക്തി പ്രാപിച്ചത്. ഭക്ഷ്യവും സിവിൽ സപ്ലൈസും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയെന്ന നിലയിൽ ജീവനക്കാർക്കുള്ള പാർപ്പിട പദ്ധതി, ക്ഷീരവികസന വകുപ്പുമന്ത്രിയെന്ന നിലയിൽ ക്ഷീര കർഷകർക്ക് ക്ഷേമനിധി ആരംഭിച്ചതും ക്ഷീര കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് ആരംഭിച്ചതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു. നിയമമന്ത്രിയെന്ന നിലയിൽ സർക്കാർ കക്ഷിയായ കേസ്സുകൾ വേഗത്തിൽ നടത്താൻ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പ്രത്യേക സംവിധാനമേർപ്പെടുത്തി. അദ്ദേഹം ടൂറിസം വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് കേരളാ ടൂറിസം മാർട്ടിന് തുടക്കം കുറിച്ചത്. കേരളത്തെ ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ ആക്കിത്തീർത്തതും അദ്ദേഹത്തിന്റെ കാലത്താണ്. 1998-ലെ റാഗിംഗ് നിരോധന ആക്ട്, 1999-ലെ ലോക് ആയുക്ത ആക്ട്

എന്നീ പ്രധാനപ്പെട്ട നിയമനിർമ്മാണങ്ങളുടെ മുഖ്യ ശിൽപ്പിയായും നമുക്ക് അദ്ദേഹത്തെ കാണാം. കേരളത്തിന്റെ റേഷൻ വിഹിതം കേന്ദ്ര ഗവൺമെന്റ് അകാരണമായി വെട്ടിക്കുറച്ചപ്പോൾ അതിനെതിരെ രണ്ടുതവണ അദ്ദേഹം നിയമസഭയിൽ പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഭരണകക്ഷി അംഗത്തിനെതിരെ ഭരണകക്ഷി അംഗം തന്നെ അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചതിനുള്ള ബഹുമതിയും ഇ. ചന്ദ്രശേഖരൻ നായർക്ക് ആയിരുന്നു. 1969-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് നയിച്ച സപ്തകക്ഷി മുന്നണിയുടെ ഭരണകാലത്ത് ബി. വില്ലിംഗ്ടൺ മന്ത്രിക്കെതിരെ പ്രമേയം അവതരിപ്പിച്ചത് ഇ. ചന്ദ്രശേഖരൻ നായർ ആയിരുന്നു. അതിന് ടി. വി. തോമസ്, എം. എൻ. ഗോവിന്ദൻ നായർ തുടങ്ങിയ മന്ത്രിമാർക്കെതിരെ ഉയർന്ന ആരോപണങ്ങൾക്ക് അന്വേഷണം പ്രഖ്യാപിച്ചാണ് ഇ.എം.എസ്. തിരിച്ചടിച്ചത്. അതോടെ സപ്തകക്ഷി മുന്നണി മന്ത്രിസഭ പൊട്ടിത്തകർന്നു. ആ മന്ത്രിസഭയുടെ തകർച്ച വേഗത്തിലാക്കിയത് ഇ. ചന്ദ്രശേഖരൻ നായരുടെ അനൗദ്യോഗിക പ്രമേയം ആയിരുന്നു. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഭരണകക്ഷി അംഗംതന്നെ ഭരണകക്ഷിക്കെതിരെ പ്രമേയം അവതരിപ്പിച്ചതെന്നത് കൗതുകകരമായ ഒരു കാര്യമാണ്. ഒന്നാം കേരള നിയമസഭയിൽ തുടങ്ങി മൂന്ന്, അഞ്ച്, ആറ്, എട്ട് എന്നീ നിയമസഭകളിൽ പ്രവർത്തിച്ച് പത്താം കേരള നിയമസഭയിൽ അവസാനിക്കുകയായിരുന്നു അദ്ദേഹത്തിന്റെ സാർത്ഥകമായ പാർലമെന്ററി ജീവിതം. ശരിക്കും ചരിത്രത്തോടൊപ്പം നടന്ന ഒരു വലിയ മനുഷ്യനായി കാലം അദ്ദേഹത്തെ നാളെ വിലയിരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങും സഭാ നേതാവും ഈ രണ്ട് നേതാക്കന്മാരെപ്പറ്റിയും ഇവിടെ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഇവരുടെ രണ്ടുപേരുടെയും ഓർമ്മകൾക്ക് മുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമൊക്കെ ഈ രണ്ട് നേതാക്കന്മാരെപ്പറ്റി പ്രകടിപ്പിച്ചിട്ടുള്ള പൊതുവായ വികാരത്തോട് ഞാൻ യോജിക്കുന്നു. കെ. കെ. രാമചന്ദ്രൻ നായർ വളരെ ചുരുങ്ങിയ കാലം മാത്രമാണ് നിയമസഭയ്ക്കകത്തുണ്ടായിരുന്നതെങ്കിലും വളരെ വലിയ തോതിൽ അദ്ദേഹത്തെക്കുറിച്ച് ഇവിടെ ഇപ്പോൾ പ്രകടിപ്പിച്ചതു പോലെയുള്ള കാര്യങ്ങൾ മനസ്സിലാക്കാനുള്ള സാഹചര്യം അദ്ദേഹത്തിന്റെ ഈ ചുരുങ്ങിയ കാലത്തിനിടയിൽത്തന്നെ എനിക്ക് കിട്ടുകയുണ്ടായി. എനിക്ക് വളരെ ചുരുങ്ങിയ കാലത്തെ പരിചയം മാത്രമാണ് അദ്ദേഹവുമായുള്ളത്. പക്ഷെ, ഒരിക്കലും മറക്കാത്ത ഓർമ്മകൾ അദ്ദേഹത്തെക്കുറിച്ചുണ്ടാകും എന്നതിൽ യാതൊരു സംശയവുമില്ല.

പുരോഗമന വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്ന കെ. കെ. രാമചന്ദ്രൻ നായർ, രാഷ്ട്രീയ പ്രവർത്തനത്തിനും അപ്പുറത്ത് വിവിധ വിഭാഗം ജനങ്ങളോടും കലാ സാംസ്കാരിക സാഹിത്യാദി രംഗങ്ങളിലുള്ള വിഭാഗങ്ങളോടും കാണിച്ചിട്ടുള്ള താൽപ്പര്യമുൾപ്പെടെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. അദ്ദേഹം പ്രഗത്ഭനായ ഒരു  അഭിഭാഷകനും ചെങ്ങന്നൂർ ബാർ അസ്സോസിയേഷൻ കൗൺസിലിന്റെ പ്രസിഡന്റുമായിരുന്നു. കർണ്ണാടക സംഗീതത്തിൽ അദ്ദേഹത്തിന് ഗഹനമായ അറിവുണ്ടായിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹം അവിടത്തെ പ്രമുഖ സംഘടനയുടെ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തു. ശാസ്ത്രീയ സംഗീതത്തിൽ ജനകീയാസ്വാദനത്തിന്റെ വേദികളൊരുക്കിയ കെ. കെ. രാമചന്ദ്രൻ നായർക്ക് സഹജീവികളുടെ ശബ്ദം സംഗീതംപോലെ ശ്രവിക്കാൻ കഴിയുമായിരുന്നു. കൂടുതൽ വിദഗ്ദ്ധരേയും പ്രതിഭകളേയും ആവശ്യമായതിനെക്കാളേറെ ലോകത്തിന് ആവശ്യം കൂടുതൽ നല്ല മനുഷ്യരെയാണ്. നാട്ടിൻപുറത്തുകാരന്റെ നിർമ്മല മനസ്സോടും ഹൃദ്യമായ പുഞ്ചിരിയോടും കൂടിയായിരുന്നു രാമചന്ദ്രൻ നായർ എപ്പോഴും സമീപിച്ചിരുന്നതെന്ന കാര്യം ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലത്തെ നിയമസഭാ സാമാജികൻ എന്ന നിലയിലുള്ള പ്രവർത്തനത്തിനിടയിൽ ആ മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പരസ്പരം കണ്ടുമുട്ടുമ്പോൾ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് വർത്തമാനകാലത്തെ യാന്ത്രികമായ പെരുമാറ്റത്തിൽനിന്ന് വേറിട്ട് നിന്നൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എന്നതാണ്. പ്രഗത്ഭരായ നേതാക്കളും ജനപ്രതിനിധികളും അഭിഭാഷകരുമൊക്കെ ധാരാളം ഈ സഭയിൽ വരുമായിരിക്കാം. പക്ഷെ സഖാവ് കെ.കെ.ആറിന്റെ ഹൃദയ നൈർമ്മല്യത്തിന്റെ നിലാവ്, കാപട്യങ്ങളുടെ ലോകത്ത് സാന്ത്വനമായി ഇനിയുമുണ്ടാവില്ല എന്നത്  നമ്മെ ദു:ഖിപ്പിക്കുന്ന കാര്യമാണ്. അദ്ദേഹത്തെപ്പോലെ ആളുകളോട് സൗമനസ്യത്തോടെ പെരുമാറുകയും വളരെ മാന്യമായ രീതിയിൽ, വശ്യമായ ചിരിയുമായി സമീപിക്കുകയും ചെയ്യുന്ന ജനപ്രതിനിധികൾ തീർച്ചയായും ആ നാടിനുതന്നെ ഏറ്റവും വലിയ  അനുഗ്രഹമാണെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാൻ  ആഗ്രഹിക്കുകയാണ്.

ഇ. ചന്ദ്രശേഖരൻ നായരെപ്പറ്റി ദീർഘമായി ബഹുമാനപ്പെട്ട അങ്ങും  മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അത് ആവർത്തിക്കുന്നില്ല. ആറ് തവണയാണ്  അദ്ദേഹം നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. മൂന്ന് തവണ മന്ത്രിയായും മറ്റ് സന്ദർഭങ്ങളിൽ  നിയമസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 1957-ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ കൊണ്ടുവന്ന രാജ്യത്തിനുതന്നെ മാതൃകയായ കർഷകബന്ധ ബിൽ രൂപകൽപ്പന ചെയ്യുന്നതിൽ ഏറ്റവും വലിയ സംഭാവന ചെയ്ത വ്യക്തിത്വത്തിന്റെ

ഉടമയായിരുന്ന സഖാവ് ഇ. ചന്ദ്രശേഖരൻ നായർ എന്നത് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. അതോടൊപ്പംതന്നെ സഹകാരിയെന്ന നിലയിൽ സഹകരണ രംഗത്ത് അദ്ദേഹം നല്കിയിട്ടുള്ള സംഭാവനകളെപ്പറ്റിയെല്ലാം ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കേരളത്തിലെ സഹകരണ രംഗത്തെ നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കം കുറിച്ചതിൽ നേതൃത്വപരമായ പങ്ക് വഹിച്ചത് സഖാവ് ഇ. ചന്ദ്രശേഖരൻ നായരായിരുന്നുവെന്നത് രേഖപ്പെടുത്തപ്പെട്ട കാര്യമാണ്. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തപ്പോൾ ആ വകുപ്പുകളിൽ ഓരോന്നിലും പുതുമനിറഞ്ഞ കാര്യങ്ങൾ ഓരോ ഘട്ടത്തിലും നടപ്പാക്കുന്നതിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചിരുന്നുവെന്നത് നമുക്ക് കാണാൻ കഴിയും. പൊതുവിതരണ രംഗത്തും സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഭവന നിർമ്മാണം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത കാര്യത്തിൽ ഓരോ രംഗത്തുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വളരെയേറെ ശ്രദ്ധിക്കപ്പെടുന്നതാണ്. കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം ഡെസ്റ്റിനേഷനായ ബേക്കൽ തുറമുഖം രൂപകൽപ്പന ചെയ്യുന്നതിലും അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും മലബാർ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമാക്കി അതിനെ മാറ്റുന്നതിലുമെല്ലാം അദ്ദേഹം ചെയ്ത സേവനങ്ങൾ തീർച്ചയായും പ്രത്യേകം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ ഗുണങ്ങളും സമീപനങ്ങളും ഏറ്റവും മാതൃകാപരമായ രീതിയിൽ ആർക്കും സ്വീകരിക്കാവുന്നതാണ്. അങ്ങനെ പോയാൽ ഒരു തടസ്സവുംകൂടാതെ മുന്നോട്ടുപോകാൻ കഴിയുമെന്ന് ഉറപ്പു വരുന്ന വിധത്തിൽ ഏറ്റവും ആകർഷണീയമായ, വശ്യമായ എല്ലാ രീതികളിലൂടെയും പ്രവർത്തനം നടത്തിയിട്ടുള്ള ഒരു മാതൃകാ കമ്മ്യൂണിസ്റ്റ് എന്ന രീതിയിലും നമുക്ക് അദ്ദേഹത്തെ കാണാൻ കഴിയും.

തീർച്ചയായും രണ്ട് സഖാക്കളുടെയും ദീപ്തമായ സ്മരണകൾ എപ്പോഴും നില നിൽക്കുമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ധീരരായ സഖാക്കളുടെ ഓർമ്മകൾക്ക് മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളുമൊക്കെ പറഞ്ഞ വികാരത്തോട് ഞാനും യോജിക്കുന്നു.

കെ.കെ.ആർ. എന്ന സ്നേഹനാമത്തിൽ അറിയപ്പെട്ടിരുന്ന കെ. കെ. രാമചന്ദ്രൻ നായർ ഈ നിയമസഭയിൽ വന്ന് വളരെ ചുരുങ്ങിയ സമയംകൊണ്ടു തന്നെ മറ്റംഗങ്ങളുടെ സ്നേഹം പിടിച്ചുവാങ്ങിയ ഒരു വ്യക്തിയായിരുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നിയമത്തിൽ ബിരുദവും നേടിയ അദ്ദേഹം

പാർട്ടിയുടെ സജീവ സാന്നിദ്ധ്യമായി മാറി ചെങ്ങന്നൂരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയ പ്രവർത്തനം എന്നതിനപ്പുറം പ്രത്യയശാസ്ത്രപരമായ ഇടപെടലുകൾ പാർട്ടിക്കകത്ത് നടത്തിയിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒരു കലാസാംസ്കാരിക പ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. ശാസ്ത്രീയ സംഗീതം, തുള്ളൽ, ചാക്യാർകൂത്ത്, കഥകളി എന്നിവയിലൊക്കെ പരിജ്ഞാനമുണ്ടായിരുന്ന അദ്ദേഹം അതിന്റെയൊക്കെ ഒരു ആസ്വാദകൻ കൂടിയായിരുന്നു. നോക്കി നിൽക്കെ പെട്ടെന്നാണ് അദ്ദേഹം നമ്മുടെ ഇടയിൽനിന്ന് അപ്രത്യക്ഷനായത്. അങ്ങനെ പെട്ടെന്ന് നമ്മെ വിട്ട് പറന്നു പോകുമെന്ന് കരുതിയതല്ല. നിയമസഭാ സാമാജികൻ എന്ന നിലയിൽ ചുരുങ്ങിയ സമയംകൊണ്ടുതന്നെ മണ്ഡലത്തിൽ തന്റെ പാദമുദ്രകൾ പതിപ്പിച്ചുകൊണ്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. രാഷ്ട്രീയ വൈരത്തിനപ്പുറം രാഷ്ട്രീയ സൗഹൃദങ്ങൾ കാത്തു സൂക്ഷിക്കണം എന്ന തത്വത്തിൽ വിശ്വസിച്ചിരുന്ന ഒരാളെന്ന നിലയ്ക്ക് വളരെ ചുരുങ്ങിയ സമയംകൊണ്ടുതന്നെ വലിയ സൗഹൃദങ്ങൾ കെട്ടിപ്പടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു

പുഷ്പത്തിന്റെ ദളങ്ങൾ പോലെ വളരെ നിർമ്മലമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. എപ്പോഴും ഒരു പുഞ്ചിരി മുഖത്ത് സൂക്ഷിച്ചിരുന്ന, എതിരാളികൾക്കുപോലും രാഷ്ട്രീയമായി ആക്രമിക്കാൻ സാധിക്കാത്ത ഒരു സാന്നിദ്ധ്യമായിരുന്നു അദ്ദേഹം. ഇവിടെ പറഞ്ഞതുപോലെ സംസ്ഥാനത്ത് മാവേലി സ്റ്റോർ തുടങ്ങിയ സമയത്ത് വ്യാപാരികൾ അതിനെതിരെ വാമനൻ സ്റ്റോർ തുടങ്ങിയപ്പോൾ, 'ഇത് രണ്ടും ഉള്ളത് നല്ലതാണ്; സർക്കാരും വ്യാപാരികളും ഒരുമിച്ച് മത്സരിക്കുമ്പോൾ അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്കാണ് കിട്ടുക; അവർക്ക് ചുരുങ്ങിയ വിലയ്ക്ക് അവശ്യ സാധനങ്ങൾ കിട്ടാൻ ഈ പോരാട്ടം നല്ലതാണ് എന്നുപറഞ്ഞ് വളരെ നിർമ്മലമായി അതിനെ നേരിട്ട ഒരു വ്യക്തികൂടിയായിരുന്നു അദ്ദേഹം. ആദ്യമായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട് നിയമസഭയിൽ വന്നപ്പോൾ യുവകമ്മ്യൂണിസ്റ്റുകളെയെല്ലാം കൂടി 'ജിഞ്ചർ ഗ്രൂപ്പ്' എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. തോപ്പിൽഭാസിയും രാജഗോപാലൻ നായരുമൊക്കെയുള്ള 'ജിഞ്ചർ ഗ്രൂപ്പ്' അന്ന് നിയമസഭയിലെ ഓരോ വിഷയങ്ങളിലും നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. അദ്ദേഹം ഒരു സഹകാരി കൂടിയായിരുന്നു. ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിലെ കാർഷിക ബന്ധന നിയമത്തിന്റെ കരട് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒൻപതംഗ സമിതിയിലെ ഒരംഗം അദ്ദേഹമായിരുന്നു. അതുപോലെ നിക്ഷേപ സമാഹരണ യജ്ഞം ക്രെഡിറ്റ് ഗ്രൂപ്പുകൾക്ക് നൽകിയ പുത്തൻ ഉണർവ്വും മറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി മത്സരിക്കാൻ പ്രൈമറി ബാങ്കുകളെ പ്രാപ്തമാക്കുന്ന തിലൊക്കെ ശക്തമായ ഇടപെടലുകളാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. സഖാവ് സി. അച്യുതമേനോന് മത്സരിക്കുന്നതിനുവേണ്ടി തന്റെ കൊട്ടാരക്കര സീറ്റ്

അദ്ദേഹം ഒഴിഞ്ഞു കൊടുത്തു. മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം സി. അച്യുതമേനോന് ഉപതെരഞ്ഞെടുപ്പിലൂടെ ജയിക്കാൻ വേണ്ടി വഴിമാറിക്കൊടുത്തതും ഇ. ചന്ദ്രശേഖരൻ നായരാണ്. പിന്നീട് അദ്ദേഹം വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തു. ടൂറിസം വകുപ്പ് കൈകാര്യം ചെയ്ത സമയത്ത് ടൂറിസം മേഖലയിൽ ഉണ്ടാക്കിയ വിപ്ലവകരമായ മാറ്റങ്ങൾ ശ്രദ്ധേയമായിരുന്നു. എതിർചേരിയിൽ നിൽക്കുന്നവരെ പോലും തന്റെ വശ്യമായ പുഞ്ചിരികൊണ്ട് കീഴ്പ്പെടുത്തിയിട്ടുള്ള ഇതുപോലെയുള്ള വ്യക്തികൾ രാഷ്ട്രീയത്തിൽ അന്യംനിന്ന് പോകുന്നൊരു സമയത്ത് അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് കൂടുതൽ പ്രസക്തിയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെയും ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ദീർഘകാലം പൊതുപ്രവർത്തനം നടത്തിയെങ്കിലും, വളരെ സജീവമായി തന്റെ നിയോജകമണ്ഡലത്തിലും ജില്ലയിലും വിവിധ രൂപത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുവെങ്കിലും കുറച്ചു മാസങ്ങൾ മാത്രമേ എം.എൽ.എ. എന്ന നിലയ്ക്ക് കെ. കെ. രാമചന്ദ്രൻ നായർക്ക് നമ്മോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചുള്ളൂ. 40 കൊല്ലമായി ഒഴുക്ക് നിലച്ചിരിക്കുകയായിരുന്ന തന്റെ നിയോജക മണ്ഡലത്തിലെ വരട്ടാർ നദിയെ പുനരുജ്ജീവിപ്പിക്കാൻ കുറഞ്ഞ സമയംകൊണ്ട് അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ കഠിനമായ പരിശ്രമത്തിന്റെ ഫലമായി ഇന്ന് വരട്ടാർ നദിയിലൂടെ ജലം ഒഴുകിത്തുടങ്ങിയിരിക്കുകയാണ്.

പുതിയ നിയമസഭാംഗങ്ങൾ വരുന്ന അവസരത്തിൽ അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ ഏറ്റവും കൂടുതൽ സഹായിച്ച ഒരാളായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ എന്ന് എനിക്ക് അനുഭവത്തിലൂടെ അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളും പറഞ്ഞതുപോലെ അദ്ദേഹം വളരെക്കാലം മന്ത്രിയായി. അദ്ദേഹം ടൂറിസം വകുപ്പ് കൈകാര്യം ചെയ്ത അവസരത്തിൽ എന്റെ നിയോജക മണ്ഡലമായ വടകരയിലെ കെ.റ്റി.ഡി.സി.-യുടെ സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിനും അതുപോലെ തെന്മലയിൽ അദ്ദേഹത്തോടൊപ്പം അവിടത്തെ ടൂറിസം പ്രോജക്ട് ഉദ്ഘാടനം ചെയ്യാനും എനിക്ക് അവസരമുണ്ടായി. ഒരു നിയമസഭാംഗമെന്ന നിലയിലും അതുപോലെ വിവിധ മേഖലകളിലും ശോഭിച്ച അദ്ദേഹത്തിന്റെ ലളിതമായ പെരുമാറ്റത്തിന്റെ സ്വാധീനത എന്നും നമ്മുടെ മനസ്സിലുണ്ടാകും.

ഈ രണ്ട് മഹത് വ്യക്തികളുടെ നിര്യാണത്തിൽ ബഹുമാനപ്പെട്ട അങ്ങയുടെ നേതൃത്വത്തിൽ നടത്തിയ അനുശോചനത്തിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.-യുടെയും മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായരുടെയും നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിക്കപ്പെട്ട ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അവരുടെ അനുസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

കെ. കെ. രാമചന്ദ്രൻ നായർ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന ആളാണ്. തിരുവനന്തപുരം ലാ കോളേജ് ചെയർമാനായിരുന്നു അദ്ദേഹം. വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നേതാവായിരിക്കുമ്പോൾ പല സമരങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകുകയുണ്ടായി. ചെങ്ങന്നൂരിൽ അഭിഭാഷകനായി പ്രവർത്തിക്കുമ്പോഴാണ് അദ്ദേഹം ബാർ കൗൺസിൽ മെമ്പറായത്.

മികച്ച പാർലമെന്റേറിയൻ, അഭിഭാഷകൻ, സഹകാരികളുടെ പ്രധാനി എന്നീ നിലകളിൽ പ്രവർത്തിച്ച ആളായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. മൂന്നാം നിയമസഭയിൽ അംഗമായി വരുമ്പോഴാണ് ഞാൻ അദ്ദേഹവുമായി പരിചയപ്പെടുന്നത്. കേരള നിയമസഭ കണ്ട അതികായനായ പാർലമെന്റേറിയൻമാരിൽ പ്രമുഖനായിരുന്നു അദ്ദേഹം. ഈ നിയമസഭയിൽ ബില്ലുകളുടെ ചർച്ചയിൽ അദ്ദേഹം നൽകിയ സംഭാവന വളരെ നിസ്തുലമാണ്. വളരെ നല്ല നിർദ്ദേശങ്ങളും ആശയങ്ങളും വിശകലനങ്ങളും ബില്ലുകളുടെ ചർച്ചയിൽ അദ്ദേഹം നടത്തുകയുണ്ടായിട്ടുണ്ട്. അതൊരിക്കലും വിസ്മരിക്കുവാൻ കഴിയുന്നതല്ല.

1980-കളിൽ ഇ. കെ. നായനാർ മന്ത്രിയായിരുന്ന സഭയിൽ ഞങ്ങൾ ഇരുവരും മന്ത്രിമാരായിരുന്നു. അക്കാലത്താണ് ഞങ്ങൾ കൂടുതൽ അടുത്തത്. ബജറ്റ് പരിശോധനയ്ക്കും ബില്ലുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും സബ്ജക്ട് കമ്മിറ്റി എന്ന ആശയം ആദ്യമായി കൊണ്ടുവന്നത് അദ്ദേഹം ചെയർമാനായിരുന്ന നിയമസഭാ കമ്മിറ്റിയാണ്. അത് സഭ അംഗീകരിക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ സഭകൾക്ക് അത് മാതൃകയായിത്തീരുകയും ചെയ്തു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അദ്ദേഹം ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പാവപ്പെട്ടവർക്ക് അവശ്യ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ ഏർപ്പെടുത്തിയ മാവേലി സ്റ്റോർ എന്ന സംവിധാനത്തിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തി. 29 വർഷത്തോളം കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ചെയർമാനായിരുന്നു അദ്ദേഹം. സഹകരണ പ്രസ്ഥാനത്തിന്റെ ദേശീയ, അന്തർദ്ദേശീയ പ്രസ്ഥാനങ്ങളുടെ അമരക്കാരൻ എന്ന സ്ഥാനത്തേയ്ക്ക് അദ്ദേഹം ഉയർന്നു. 1999-ൽ നിയമമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം കൊണ്ടുവന്ന ലോകായുക്ത നിയമം ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. സി.പി.ഐ. ദേശീയ നിർവ്വാഹക സമിതിയിലെ അംഗവും ഓൾ ഇൻഡ്യാ സഹകരണ ഫെഡറേഷൻ ചെയർമാനുമായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ.

ഈ രണ്ട് നേതാക്കളുടെയും വേർപാടിലുള്ള ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ഒരിക്കൽക്കൂടി അവരുടെ അനുസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മെ വിട്ടുപോയ രണ്ട് പ്രശസ്തരായ രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറും കക്ഷിനേതാക്കന്മാരും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. കെ. കെ. രാമചന്ദ്രൻ നായരുടെ നിര്യാണം ഈ സഭയെ സംബന്ധിച്ച് അപ്രതീക്ഷിതമായ ആഘാതമായിരുന്നു. സൗമ്യമായ പെരുമാറ്റത്തിലൂടെ പരിചയപ്പെട്ടവരുടെയെല്ലാം സ്നേഹം ആർജ്ജിക്കാനുള്ള കെ. കെ. രാമചന്ദ്രൻ നായരുടെ അസാമാന്യമായ വൈഭവം അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനത്തിലൂടെയും അനുഭവിക്കാൻ സഭയിലെ ഓരോ വ്യക്തിക്കും കഴിഞ്ഞിട്ടുണ്ട്. ഒരു പൊതുപ്രവർത്തകന് ഏതെല്ലാം മേഖലയിൽ ഇടപെടാൻ കഴിയുമെന്ന് മനസ്സിലാക്കണമെങ്കിൽ കെ. കെ. രാമചന്ദ്രൻ നായർ ഇടപെട്ട മേഖലകൾ പരിശോധിച്ചാൽ മതിയാകും. രാഷ്ട്രീയ രംഗം, കലാ-കായിക-സാസ്കാരിക രംഗങ്ങൾ, അഭിഭാഷക മേഖല തുടങ്ങി താനെവിടെയൊക്കെ ബന്ധപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നത് ഒരു സവിശേഷതയാണ്. ചെങ്ങന്നൂരിൽ മാത്രമല്ല, എം.എൽ.എ.-യായി പ്രവർത്തിച്ച ചുരുങ്ങിയ കാലയളവിൽ തിരുവനന്തപുരത്തെ കലാ-സാംസ്കാരിക സായാഹ്നങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം ദൃശ്യമായിരുന്നു എന്നതാണ് എന്റെ അനുഭവം. ചുരുങ്ങിയ കാലയളവിനുള്ളിൽ നിയമസഭയുടെ സവിശേഷമായ ശ്രദ്ധയാകർഷിച്ചുകൊണ്ട് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇവിടെ സൂചിപ്പിച്ചതുപോലെ മണ്ഡലത്തിന്റെ സമഗ്രമായ വികാസം ലക്ഷ്യമാക്കി ചെറിയ കാര്യങ്ങളിൽപ്പോലും സജീവമായി ഇടപെട്ട് അവിടെ വികസനത്തിന്റെ പ്രകാശം എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അസാമാന്യമായ ധീരതയോടുകൂടി പ്രവർത്തിച്ച അദ്ദേഹത്തിന്റെ വിയോഗം വലിയ നഷ്ടമാണ്, ആ സഹപ്രവർത്തകന്റെ നിര്യാണത്തിൽ സഭ രേഖപ്പെടുത്തിയ വിഷാദവികാര ങ്ങളോടൊപ്പം ഞാനും പങ്കുചേരുകയാണ്.

ഇ. ചന്ദ്രശേഖരൻ നായർ എന്നെ സംബന്ധിച്ചിടത്തോളം വളരെ ഔന്നത്യത്തിൽ നിൽക്കുന്ന നേതാവാണ്. 1980-ൽ ഞാൻ ആദ്യമായി നിയമസഭാ സാമാജികനായി എത്തിയപ്പോൾ പുതുതലമുറയിലെ നവാഗതരായ നിയമസഭാ സാമാജികർക്ക് അദ്ദേഹം ഒരു മഹാ ലൈബ്രറി തന്നെയായിരുന്നു. ഇവിടെ ഡോ. എം. കെ. മുനീർ സൂചിപ്പിച്ചതുപോലെ, അദ്ദേഹത്തിന്റെ തീരുമാനങ്ങളും അഭിപ്രായങ്ങളും ഇരുമ്പിന്റെ കാഠിന്യമുള്ളതായിരുന്നു. ഒരിക്കലും ആർക്കും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സ്വാധീനിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പെരുമാറ്റവും വാക്കുകളും പൂവിതൾ പോലെ മൃദുലമായിരുന്നു. സൗമ്യമായ പെരുമാറ്റവും കാർക്കശ്യമുള്ള

തീരുമാനങ്ങളും വച്ചുപുലർത്തുന്ന ഭരണാധികാരിയായതുകൊണ്ടാണ് ഇടപെട്ട മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഇ. ചന്ദ്രശേഖരൻ നായരുടെ പേര് ഓർക്കുമ്പോൾ കേരളീയന്റെ മനസ്സിൽ ഉയർന്നു വരുന്നത് മാവേലിയുടെ പേരാണ്. മാവേലിയെ ഓർക്കുമ്പോൾ വാമനനേയും ഓർക്കും. കാരണം മാവേലി സ്റ്റോറുകൾക്കെതിരെ വാമന സ്റ്റോറുകൾ ഉദ്ഘാടനം ചെയ്തു കൊണ്ടാണ് ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്കെതിരെ അതിശക്തമായ പ്രതിഷേധം ഉയർന്നുവന്നിരുന്നു എന്നത് പ്രത്യേകം പ്രസ്താവിക്കേണ്ട ഒന്നാണെന്ന് എനിക്ക് തോന്നുന്നു. വാമനന്മാർ നാട്ടുവാഴുന്ന കാലത്ത്, മഹാബലി പോലും തർക്കവിഷയമാകുന്ന കാലത്ത്, മാവേലിയെ ജനകീയവത്കരിച്ചുകൊണ്ട് ബഹുജനസാമാന്യത്തിന്റെ ശ്രദ്ധയിൽ 'മാവേലി നാട്ടുവാണീടും കാലത്തെ' എല്ലാ കാലത്തേയ്ക്കും ഓർമ്മിപ്പിക്കാനുതകുന്ന സംഭാവനകളർപ്പിച്ച ഒരു മഹാ ഭരണാധികാരിയായിട്ടാണ് ഇ. ചന്ദ്രശേഖരൻ നായരെ ഞാൻ നിരീക്ഷിക്കുന്നത്. അദ്ദേഹത്തിന്റെയും കെ. കെ. രാമചന്ദ്രൻ നായരുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ ഒരു സഹപ്രവർത്തകന്റെ വേർപാടിനെ സംബന്ധിച്ച് അനുശോചനം രേഖപ്പെടുത്തുക എന്നത് വളരെ ദുഃഖകരമായ സന്ദർഭമാണ്. ഇവിടെ സഭയിൽ പൊതുവായി ഉയർന്നുവന്ന വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇന്നലെവരെ നമ്മളോടൊപ്പമുണ്ടായിരുന്ന വ്യക്തി ഇന്നില്ല എന്നത് ഉൾക്കൊള്ളുക വളരെ പ്രയാസകരമാണ്. അദ്ദേഹത്തിന്റെ വേർപാട് വളരെ അപ്രതീക്ഷിതമായിരുന്നു. കെ. കെ. രാമചന്ദ്രൻ നായരുടെ രോഗാവസ്ഥ വളരെ വൈകിയാണ് അറിയാൻ കഴിഞ്ഞത്. അതിനുശേഷം അതിന്റെ തീവ്രതയിലേക്ക് അദ്ദേഹം പോലും കടന്നുവന്നിട്ടില്ലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. ചെന്നൈയിലെത്തിക്കാനും നല്ല ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ സജീവമായ ഇടപെടലുണ്ടായിയെന്നും കുടുംബാംഗങ്ങൾ എന്നോട് പങ്കുവച്ചത് ഞാൻ സൂചിപ്പിക്കുകയാണ്. നല്ല ചികിത്സ നൽകാൻ കഴിഞ്ഞെങ്കിലും വിധി മറ്റൊന്നായിരുന്നു. സജീവ രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം കലാ-സാഹിത്യ രംഗങ്ങളിലൊക്കെ നിറസാന്നിധ്യമാകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ അദ്ദേഹത്തെ ഏറെ സ്നേഹിച്ചിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ സംസ്കാര ചടങ്ങിൽ കടന്നുവന്ന ജനങ്ങൾതന്നെ സാക്ഷിയാണ്. നല്ലൊരു പൊതുപ്രവർത്തകനേയും സഹപ്രവർത്തകനേയും നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്.

പ്രിയപ്പെട്ട ഇ. ചന്ദ്രശേഖരൻ നായരെക്കുറിച്ച് പറയുമ്പോൾ, ദീർഘദർശിയായ ഒരു ഭരണാധികാരി, പ്രഗത്ഭനായ നിയമസഭാ സാമാജികൻ, നല്ലൊരു എഴുത്തുകാരൻ, സഹകാരി തുടങ്ങി നിരവധി വിശേഷണങ്ങൾ ചേർക്കാൻ കഴിയുമെങ്കിലും ഏതൊരു വ്യക്തിക്കും അദ്ദേഹത്തെ ഓർക്കുമ്പോൾ ഇവിടെ

സൂചിപ്പിച്ചതുപോലെ ആദ്യം ഓർമ്മ വരുന്നത് സൗമ്യമായ, ലളിതമായ ഭാവമാണ്. ചുരുക്കം ചില സന്ദർഭങ്ങളിലെങ്കിലും അദ്ദേഹവുമായി സംസാരിക്കുവാനും ഇടപഴകുവാനും അവസരം വന്നപ്പോൾ എന്നെ ആകർഷിച്ചതും അതുതന്നെയായിരുന്നു. ചുമതലവഹിച്ച വകുപ്പുകളിലൊക്കെത്തന്നെ കയ്യൊപ്പ് ചാർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്നതും ഭരിച്ച വകുപ്പുകളിലെ ജീവനക്കാരും ഉദ്യോഗസ്ഥരും വ്യാപാരികളും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരും അദ്ദേഹത്തോട് സ്നേഹവും താല്പര്യവും വച്ചു പുലർത്തിയിരുന്നുവെന്നതും ശ്രദ്ധേയമാണ്. മാവേലി സ്റ്റോറുകൾ ആരംഭിച്ചപ്പോൾ കേരളത്തിലുണ്ടാക്കിയ ചലനങ്ങൾ, പൊതു വിപണിയിൽ സാധാരണക്കാർക്കുണ്ടാക്കിയ ആശ്വാസം എന്നിവയെല്ലാം ഇന്നും തുടരുകയാണ്. തീർച്ചയായും അദ്ദേഹത്തിന്റെ വേർപാട് രാഷ്ട്രീയ കേരളത്തിന് വലിയൊരു നഷ്ടമാണ്. ഈ രണ്ട് വ്യക്തിത്വങ്ങളുടെയും വേർപാടിൽ അവരുടെ കുടുബാംഗങ്ങളുടെ ദുഃഖത്തോടൊപ്പം പങ്കുചേർന്നുകൊണ്ട് ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ രണ്ട് മഹിത വ്യക്തിത്വങ്ങളുടെ ദേഹവിയോഗത്തിൽ രേഖപ്പെടുത്തിയ വിചാരങ്ങൾക്കും വികാരങ്ങൾക്കും അപ്പുറത്ത് കൂടുതൽ കൂട്ടിചേർക്കുന്നത് സാഹസികമാണ്.

കെ. കെ. രാമചന്ദ്രൻ നായരുമായുള്ള ബന്ധം നിയമസഭാതലത്തിൽ ആരംഭിക്കുന്നതിന് മുമ്പുതന്നെ ഉണ്ടായിരുന്നെങ്കിലും ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് അടുത്ത ഹൃദയബന്ധം വളർത്തുന്നത് നിയമസഭാ ജീവിതത്തിന്റെ ഭാഗമായിട്ടാണ്. അദ്ദേഹത്തിന്റെ സമർപ്പണം മാതൃകാപരമായിരുന്നു എന്ന് ആർക്കും അവിതർക്കിതമായി രേഖപ്പെടുത്താൻ സാധിക്കും. കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി അദ്ദേഹത്തിന്റെ ഭൗതികശരീരം കാണാൻ ഒഴുകിയെത്തിയ ജനക്കൂട്ടം അതിന് അനുഭവസാക്ഷ്യമായിരുന്നു. ഒരു രാഷ്ട്രീയ നേതാവും അഭിഭാഷകനും എന്ന നിലയ്ക്ക് മാത്രമല്ല, കലാസാഹിത്യ-സാംസ്കാരിക-സംഗീത ധർമ്മങ്ങളെ ഉപാസിച്ചിരുന്ന ഒരു കലാകാരൻ കൂടിയായിരുന്നു കെ. കെ. രാമചന്ദ്രൻ നായർ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജീവിതശുദ്ധിയും കർമ്മശുദ്ധിയുമൊക്കെ സംഗീതംപോലെ ആകർഷകവും പരിശുദ്ധവുമായിരുന്നുവെന്ന് നമുക്കറിയാൻ സാധിക്കും. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ നിയമസഭാംഗമെന്ന നിലയ്ക്ക് അദ്ദേഹത്തിന് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞു. ആ ദേഹവിയോഗത്തിലുള്ള ദുഃഖം വാക്കുകൾക്കതീതമായാണ് മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നത്.

അഭിവന്ദ്യനായ ഇ. ചന്ദ്രശേഖരൻ നായർ മഹിതമായ പാരമ്പര്യമുള്ള പ്രശസ്തനും പ്രമുഖനുമായ ജനകീയ നേതാവായിരുന്നു. സൗമ്യശീലത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായി, താൻ ഏറ്റെടുത്ത എല്ലാ രംഗങ്ങളിലും തന്റേതായ വ്യക്തി വൈശിഷ്ട്യം

പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു ഭരണാധികാരി, സഹകാരി എന്നീ നിലയ്ക്ക് തന്റെ കർമ്മരംഗം സംശുദ്ധിയാർന്ന സേവന രാഷ്ട്രീയത്തിന്റെയും പൊതു പ്രവർത്തനത്തിന്റെയും ശക്തിചൈതന്യമായി ജ്വലിപ്പിച്ച ഇ. ചന്ദ്രശേഖരൻ നായരുടെ ദേഹവിയോഗം കേരളത്തിന്റെ ഉൽബുദ്ധമായ രാഷ്ട്രീയമേഖലയ്ക്ക് കനത്ത നഷ്ടമാണ് വരുത്തിവച്ചിട്ടുള്ളത്. ഈ രണ്ട് മഹിത വ്യക്തിത്വങ്ങളെ ഓർക്കാനും ഓമനിക്കാനും ആദരിക്കാനുമുള്ള ധാരാളം അനുഭവങ്ങളും അനുഭൂതികളും നിയമസഭയ്ക്കുണ്ട് എന്നറിയാം. അവയോടൊപ്പം പങ്കുചേർന്നുകൊണ്ട് ആ രണ്ട് വ്യക്തിത്വങ്ങളുടെയും ദേഹ വിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് അവരുടെ പ്രോജ്വലമായ ഓർമ്മകൾക്കുമുന്നിൽ ഞാനും എന്റെ പാർട്ടിയുടെ നാമധേയത്തിലും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇന്ന് നാം അനുശോചനം രേഖപ്പെടുത്തുന്ന രണ്ട് മഹത് വ്യക്തികളെക്കുറിച്ച് വ്യക്തിപരമായി എനിക്ക് ഏറെ അടുപ്പം ഇല്ലെങ്കിൽ തന്നെയും അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സഹപ്രവർത്തകരും പത്രങ്ങളുമെല്ലാം എഴുതിയിട്ടുള്ള അനുഭവങ്ങളുടെയും വിവരണങ്ങളുടെയും അടിസ്ഥാനത്തിൽ വളരെയധികം മാന്യത അർഹിക്കുന്ന ഗുണവിശേഷങ്ങൾ അവർക്കുണ്ടായിരുന്നുവെന്നത് സർവ്വ സമ്മതമാണ്. അവർ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ബാക്കിയുള്ള ആളുകളുടെ വികാരങ്ങൾകൂടി മാനിക്കുന്ന സ്വഭാവം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ട് ശാഖകളിൽപ്പെട്ട ഇവർക്ക് രണ്ടുപേർക്കും ഉണ്ടായിരുന്നതുകൊണ്ട് എല്ലാവരും ഏകസ്വരത്തിൽ അവരെ ആദരിക്കുന്നു. ഈ ഗുണവിശേഷങ്ങൾ നമുക്കെല്ലാവർക്കുമുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവരുടെ ആത്മാക്കൾക്ക് ശാന്തി നേരുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കഴിഞ്ഞ സഭാസമ്മേളനത്തിൽ നമ്മോടൊപ്പം ചിരിച്ച് സന്തുഷ്ടനായി ഈ സഭയിലുണ്ടായിരുന്ന കെ. കെ. രാമചന്ദ്രൻ നായർ ഇന്നില്ലെന്നോർക്കുമ്പോൾ നമുക്കെല്ലാവർക്കും വല്ലാത്തൊരു മാനസിക നൊമ്പരമുണ്ട്. ഒരു എം.എൽ.എ. എന്ന നിലയിൽ കുറഞ്ഞ സമയംകൊണ്ട് ചെങ്ങന്നൂരിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ അദ്ദേഹത്തിന് സാധിച്ചു. പരിസ്ഥിതി പ്രവർത്തനങ്ങളെ സ്നേഹിച്ച അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും ഇവിടെ പറഞ്ഞുകഴിഞ്ഞു. പാലങ്ങളുടെയും റോഡുകളുടെയും വികസനങ്ങൾക്കപ്പുറം ഒരു സമൂഹത്തിന്റെ നന്മകൂടി കണ്ടുകൊണ്ട് പ്രവർത്തിച്ച ഒരു നല്ല പൊതുപ്രവർത്തകൻ/ജനപ്രതിനിധി, അതിലുപരിയായി കലയേയും സാഹിത്യത്തേയും സ്നേഹിക്കുന്ന, അതിനുവേണ്ടി പ്രവർത്തിക്കുന്ന, സമയം കണ്ടെത്തുന്ന, അക്ഷീണം പരിശ്രമിക്കുന്ന ഒരു നല്ല ആസ്വാദകനും സാംസ്കാരിക പ്രവർത്തകനും കൂടിയായിരുന്നു കെ. കെ. രാമചന്ദ്രൻ നായർ.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന സർഗ്ഗവേദിയുടെ പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലുള്ള അതേ ലാളിത്യം ആ പരിപാടികളിലുമുണ്ട്. പല സാംസ്കാരിക പരിപാടികളും ആർഭാടം കൊണ്ട് നിറയുമ്പോൾ ആർഭാടങ്ങളില്ലാതെ നല്ല സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും സാധാരണക്കാരന് അത് ആസ്വദിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കുകയും ചെയ്യുന്ന ഒരു നല്ല സാംസ്കാരിക പ്രവർത്തകനും വിദ്യാർത്ഥി രാഷ്ട്രീയം മുതൽ സത്യസന്ധതയോടെ പ്രവർത്തിച്ച ഒരു പൊതുപ്രവർത്തകനുമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ വേർപാട് നമുക്ക് വിശ്വസിക്കാൻ കഴിയാത്ത കാര്യമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കും. ആ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇ. ചന്ദ്രശേഖരൻ നായർ എന്റെ നാട്ടുകാരനാണ്. എന്റെ കുട്ടിക്കാലം മുതൽ ഞാൻ അറിയുന്ന ഒരു നല്ല വ്യക്തിത്വത്തിനുടമയാണദ്ദേഹം. അദ്ദേഹത്തിന്റെ മകനും ഞാനും ഒരുമിച്ച് പഠിച്ചതാണ്. കുട്ടിക്കാലത്ത് അദ്ദേഹത്തിന്റെ മകനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിൽ കളിക്കാൻ പോകുന്ന കാലംമുതൽ അദ്ദേഹത്തെ എനിക്കറിയാം. കോപം എന്ന വികാരമില്ലെന്നുള്ളതാണ് ഞാൻ അദ്ദേഹത്തിൽ ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യം. അദ്ദേഹം ഒരു നല്ല ഭരണകർത്താവും സാമാജികനുമാണെന്ന് ഇവിടെ എല്ലാവരും പറയുകയുണ്ടായി. അതിലുപരി, നമ്മൾ മാതൃകയാക്കേണ്ട ഒരു നല്ല ഭരണകർത്താവ് കൂടിയാണ് അദ്ദേഹം. നമ്മുടെ രാജ്യം ജനാധിപത്യത്തിലധിഷ്ഠിതമാണ്. ജനാധിപത്യ ഭരണത്തിൽ ഭരണകർത്താക്കളെടുക്കുന്ന തീരുമാനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കാനും അതിന്റെ ഫലം ജനങ്ങൾക്കെത്തിച്ചുകൊടുക്കാനും കഴിഞ്ഞുവെന്നുള്ളതാണ് മന്ത്രി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ നേട്ടം. പല വകുപ്പുകളും കൈകാര്യം ചെയ്യുമ്പോൾ സാധാരണ കണ്ടുവരുന്നത് ഉദ്യോഗസ്ഥരുടെ മനസ്സിലുദിക്കുന്ന ആശയങ്ങൾ മന്ത്രിമാർ പ്രഖ്യാപിക്കുകയും അത് നടത്താൻ ശ്രമിക്കുകയും നടത്താതെ പോകുകയും ചെയ്യുന്ന കാഴ്ചയാണ്. പക്ഷേ, അതിൽനിന്ന് വ്യത്യസ്തമായി ജനങ്ങൾക്കുവേണ്ടി മാവേലി സ്റ്റോർ, ഇക്കോ ടൂറിസം തുടങ്ങിയ പദ്ധതികൾ അദ്ദേഹം നടപ്പിലാക്കി. ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു പൊതുപ്രവർത്തകനെയാണ് ജനങ്ങൾ തെരഞ്ഞെടുക്കുന്നത്. തന്റെ മനസ്സിലുദിച്ച ആശയങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കാനും അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്താനും അദ്ദേഹത്തിന് കഴിഞ്ഞു. പക്ഷേ പതിറ്റാണ്ടുകൾ കടന്നുപോകുമ്പോഴും അദ്ദേഹം കൊണ്ടുവന്ന പരിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ സ്മാരകമായി ഇന്നും നമ്മുടെ സമൂഹത്തിൽ നിൽക്കുകയാണ്. ഒരു രാഷ്ട്രീയ നേതാവിന്റെ അല്ലെങ്കിൽ ഒരു മുൻ മന്ത്രിയുടെ പ്രതിമ സ്ഥാപിക്കുന്നതിനപ്പുറം തലമുറകൾ കടന്നുപോകുമ്പോഴും അദ്ദേഹം സമൂഹത്തിന് ചെയ്തുകൊടുത്ത നല്ല

കാര്യങ്ങൾ അദ്ദേഹത്തിന്റെ സ്മാരകമായി മനുഷ്യമനസ്സിൽ നിലനിൽക്കുന്നുവെങ്കിൽ അതാണ് യഥാർത്ഥ പൊതുപ്രവർത്തകൻ. അങ്ങനെ ഒരു പൊതുപ്രവർത്തകനായി നിൽക്കാൻ ഇ. ചന്ദ്രശേഖരൻ നായർക്ക് കഴിഞ്ഞു. മലയാളികൾക്ക് ഒരിക്കലും മനസ്സിൽനിന്ന് മായ്ച്ചുകളയാൻ സാധിക്കാത്ത ഓർമ്മകളാണ് അദ്ദേഹത്തിന്റേത്. ആ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ലാളിത്യത്തിന്റെ പ്രതീകങ്ങളായ രണ്ട് നേതാക്കന്മാരുടെയും നിര്യാണത്തിൽ അനുശോചനം അറിയിക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കെ. കെ. രാമചന്ദ്രൻ നായരുടെ നിര്യാണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. ഈ സഭയിൽ വന്നതിനുശേഷം മാത്രമാണ് അദ്ദേഹത്തെ എനിക്ക് പരിചയപ്പെടാൻ സാധിച്ചത്. പരിചയപ്പെട്ടതിനുശേഷം ഒരു സഹോദരനെപ്പോലെ എന്നെ കാണുകയും അദ്ദേഹവുമായി മിക്കവാറും എല്ലാ ദിവസങ്ങളിലും സംസാരിക്കുകയും അദ്ദേഹത്തിന്റെ ലാളിത്യം നിറഞ്ഞ വാക്കുകൾ ഞാൻ ശ്രവിക്കുകയും ചെയ്തിരുന്നു. ഈ സഭയിലുള്ള സകല അംഗങ്ങളും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനും സവിനയമുള്ള പെരുമാറ്റത്തിനും സാക്ഷ്യം വഹിച്ചവരാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. ഞാൻ അദ്ദേഹത്തിന്റെ ഭൗതികശരീരം കാണാനായി ചെങ്ങന്നൂർ പാർട്ടി ഓഫീസിൽ പോയെങ്കിലും ആയിരക്കണക്കിന് ജനങ്ങൾ തിങ്ങിഞെരുങ്ങി നിന്നതിനാൽ പകുതിവരെ ചെന്നതിനുശേഷം എനിക്ക് ഇറങ്ങിപ്പോരേണ്ടിവന്നു. ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ആ തിരക്കിനിടയിലൂടെ പോകുന്നത് ഞാൻ കണ്ടു. വീട്ടിൽച്ചെന്നപ്പോഴും അദ്ദേഹത്തിന്റെ ഭൗതികശരീരം കാണുന്നതിനു വേണ്ടി പതിനായിരക്കണക്കിന് ജനങ്ങൾ മണിക്കൂറുകളോളം തിങ്ങിനിറഞ്ഞ് നിന്നു. ജനഹൃദയത്തിൽ അത്രയും സ്വാധീനം ചെലുത്തിയ വ്യക്തിത്വത്തിനുടമയായിരുന്നു കെ. കെ. രാമചന്ദ്രൻ നായർ. അദ്ദേഹത്തിന്റെ മനസ്സിൽ ധാരാളം ഭാവനകളുണ്ടായിരുന്നു. അഞ്ച് വർഷക്കാലയളവിനുള്ളിൽ ചെങ്ങന്നൂരിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആഗ്രഹിച്ചിരുന്ന ഒരു വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. പക്ഷേ, നമ്മളാരും ഓർക്കാത്ത സമയത്ത്, അദ്ദേഹം നമ്മളെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ ഭാവനയ്ക്കനുസരിച്ചുള്ള വികസനപ്രവർത്തനങ്ങൾ ചെങ്ങന്നൂരിൽ നടക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇ. ചന്ദ്രശേഖരൻ നായർ കൊല്ലം ജില്ലക്കാരനാണ്. കരുനാഗപ്പള്ളിയിൽ മത്സരിക്കുമ്പോഴാണ് എനിക്ക് അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടാൻ സാധിച്ചത്. മത്സരിക്കുന്ന സമയത്ത് അദ്ദേഹം എന്നെയും വന്നുകണ്ടു. എപ്പോഴും ചിരിച്ച

മുഖത്തോടുകൂടി മാത്രമെ അദ്ദേഹത്തെ കണ്ടിട്ടുള്ളു. ഏറ്റവും വലിയ നേതാവായി നിൽക്കുന്ന സമയത്തും മത്സരവേളയിൽ ഇത്രയും ലാളിത്യത്തോടുകൂടി നിലകൊള്ളുന്ന ഒരു വ്യക്തിത്വത്തെ ഞാൻ കാണുന്നത് അന്നാണ്. അദ്ദേഹത്തിന്റെ വസതിയിലായാലും വളരെ സിമ്പിളായി എല്ലാ ആളുകളെയും ഒരുപോലെ കണ്ട് അവരുമായി ഇടപെടുന്ന കാഴ്ച ഞാൻ കണ്ടതാണ്. കൊല്ലം ജില്ലാ ബാങ്കിനെ ഇന്നത്തെ സ്ഥിതിയിലെത്തിക്കുന്നതിന് മുൻനിര നേതൃത്വം കൊടുത്ത വ്യക്തിത്വത്തിനുടമയായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. ഒരു മികച്ച രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ അദ്ദേഹം നമുക്കെല്ലാം മാതൃകയാണ്. ഏത് രാഷ്ട്രീയപ്രസ്ഥാനമോ ആയിക്കോട്ടെ, അതിന് നേതൃത്വം കൊടുക്കുന്ന നേതാക്കന്മാർ മാതൃകയാകുമ്പോൾ ആ മാതൃക നമുക്ക് അനുകരിക്കേണ്ടിവരും, അതാണ് ഇ. ചന്ദ്രശേഖരൻ നായർ. ഇവരുടെ രണ്ടുപേരുടെയും നിര്യാണത്തിൽ ഞാൻ ദുഃഖത്തോടെ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കെ. കെ. രാമചന്ദ്രൻ നായരുടെയും ഇ. ചന്ദ്രശേഖരൻ നായരുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് ബഹുമാനപ്പെട്ട അങ്ങും കേരളത്തിന്റെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷി നേതാക്കന്മാരും പറഞ്ഞ എല്ലാ അഭിപ്രായത്തോടും വളരെ ആദരവോടുകൂടി ഞാനും യോജിക്കുന്നു. ഇവരാരും പറയാതിരുന്ന ചില കാര്യങ്ങൾമാത്രം ഞാൻ പറയാനാഗ്രഹിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കെ. കെ. രാമചന്ദ്രൻ നായരുടെ വിജയം അസസ് ചെയ്യുപ്പോൾ അദ്ദേഹം വലിയ ജനപിന്തുണയുള്ള നേതാവാണെന്നുള്ള ഒരു ഫീലിംഗ് എനിക്കില്ലായിരുന്നു. പല പ്രാവശ്യം എം.എൽ.എ. ക്വാർട്ടേഴ്സിൽ നിന്ന് നിയമസഭാ കോംപ്ലക്സിലേയ്ക്ക് ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തപ്പോൾ അദ്ദേഹം ഒരു നല്ല മനുഷ്യനാണെന്ന് എനിക്ക് തോന്നി. അത്രമാത്രം സ്നേഹം വ്യക്തിപരമായി അദ്ദേഹവുമായി എനിക്കുണ്ടായിരുന്നു. പക്ഷേ, വ്യക്തിയെ അസസ് ചെയ്യുമ്പോൾ നമ്മൾ പ്രതീക്ഷിക്കുന്നതിനപ്പുറത്താണ് വ്യക്തിത്വങ്ങൾ എന്ന് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു ശവസംസ്കാര ചടങ്ങാണ് ചെങ്ങന്നൂരിൽ നടന്നത്. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റും അങ്ങും ചെയ്ത സേവനങ്ങളെപ്പറ്റി എനിക്കറിയാം. വിധിയെ തടുക്കാൻ സാധിക്കുകയില്ല. വിധിയാണ് ഏറ്റവും വലുത്. അദ്ദേഹത്തിന്റെ ഭൗതികശരീരം കാണുന്നതിനുവേണ്ടി ചെന്നപ്പോൾ എനിക്കുണ്ടായ അനുഭവം, പാർട്ടി ഓഫീസിൽത്തന്നെ ഇരുപതിനായിരത്തിൽ കൂടുതൽ ആളുകൾ അദ്ദേഹത്തിന്റെ ഭൗതികശരീരം കാണാൻ വന്നിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് കയറാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയും ബന്ധുമിത്രാദികൾക്കുമപ്പുറം വേദനിച്ച് വിറങ്ങലിച്ച് നിൽക്കുന്ന ജനസമൂഹത്തെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. കെ. കെ. രാമചന്ദ്രൻ നായർ എന്ന വ്യക്തി ആരായിരുന്നു എന്ന് അപ്പോഴാണ് എനിക്ക് ബോദ്ധ്യപ്പെട്ടത്. സമൂഹത്തിനും

അദ്ദേഹം ആരായിരുന്നു എന്ന് ആ നിമിഷമാണ് ബോദ്ധ്യപ്പെട്ടത്. അദ്ദേഹത്തിന്റെ വിലപ്പെട്ട ജീവൻ ആ നാടിന് നൽകിയ വലിയ സംഭാവനകളെ നമുക്ക് ആദരവോടെ നോക്കിക്കാണാം. അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ഭാവിയിൽ പൂർത്തീകരിക്കുന്നതിന് നമ്മുടെ എല്ലാവരുടെയും സേവനമുണ്ടാകണം എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായരെക്കുറിച്ച് ഏതു വാക്ക് ഉപയോഗിച്ച് പറഞ്ഞാലും മതിയാകില്ല. 1980-ലാണ് ഞാൻ ആദ്യമായി എം.എൽ.എ. ആയി ഈ സഭയിലേയ്ക്ക് കടന്നുവരുന്നത്. അദ്ദേഹത്തെപ്പറ്റി സഭയിൽ നിങ്ങളെല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. നിങ്ങളാരും പറയാത്ത ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ടൂറിസം മന്ത്രിയായിരുന്നപ്പോഴാണ് കേരളത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റിയത്. പക്ഷേ, ടൂറിസം മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഒരു വിദേശയാത്ര പോലും നടത്തിയില്ലെന്നുള്ള വസ്തുത എത്രപേർ ശ്രദ്ധിച്ചിട്ടുണ്ടെന്ന് എനിക്കറിയില്ല. വിദേശയാത്ര നടത്താതെ ടൂറിസം മന്ത്രി കേരളത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റിയെന്നു പറയുമ്പോൾ ഇ. ചന്ദ്രശേഖരൻ നായർ ആരായിരുന്നുവെന്ന് എല്ലാവർക്കും മനസ്സിലാകും. ചിലർ അദ്ദേഹം വിദേശയാത്ര ചെയ്തുവെന്ന് പറയുന്നുണ്ട്. അത് ശരിയാണ്, അദ്ദേഹത്തിന്റെ മക്കളെ കാണാൻ കയ്യിലെ കാശു മുടക്കി വിദേശത്ത് പോയിട്ടുണ്ട്. ടൂറിസം മന്ത്രിയെന്നുള്ള നിലയിൽ, ഇപ്പോൾ പല മന്ത്രിമാരും 'ഉലകം ചുറ്റും വാലിബൻ' എന്നുള്ള നിലയിൽ രാജ്യം മുഴുവൻ ചുറ്റിനടക്കുകയാണ്. അതിലൊന്നും ഇ. ചന്ദ്രശേഖരൻ നായർ ഉൾപ്പെടുന്നില്ല. അതുപോലെ അദ്ദേഹം സി.പി.ഐ.-യുടെ സജീവ നേതാവായിരുന്നു. 'ജനയുഗം' ആഴ്ചപ്പതിപ്പും കുഞ്ഞുങ്ങൾക്കുവേണ്ടി 'ബാലയുഗം' എന്ന പുസ്തകവും ആദ്യമായി തുടങ്ങിയത് ഇ. ചന്ദ്രശേഖരൻ നായരാണ്. സിനിമാലോകത്തെപ്പറ്റി എത്രയോ വീക്കിലികൾ ഈ രാജ്യത്തുണ്ട്. പക്ഷേ, ആദ്യമായി 'സിനിമ' എന്ന വാരിക ഇറക്കിയതും ഇ. ചന്ദ്രശേഖരൻ നായർ എന്ന വലിയ മനുഷ്യനാണ്. എന്നാൽ ഈ വാരികയൊന്നും ഇന്ന് നിലവിലില്ല. ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് പറയുമ്പോൾ ഇ. ചന്ദ്രശേഖരൻ നായർ ആരായിരുന്നുവെന്ന് നമുക്ക് മനസ്സിലാകും. മാവേലി സ്റ്റോർ ഉൾപ്പെടെ പൊതുവിതരണ രംഗം, സഹകാരി തുടങ്ങി ഏതു വാക്ക് ഉപയോഗിച്ച് പറഞ്ഞാലും തീരാത്തത്ര വ്യക്തിത്വമാണ് ഇ. ചന്ദ്രശേഖരൻ നായരുടേത്. ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ നായരെയും ഇ. ചന്ദ്രശേഖരൻ നായരെയും കുറിച്ച് ഈ സഭ പ്രകടിപ്പിച്ച എല്ലാ വികാരത്തോടും യോജിച്ചു കൊണ്ട് എന്റെ ദുഃഖം ഈ രണ്ടു കുടുംബങ്ങളെയും പ്രത്യേകമായി അറിയിക്കുന്നു. നന്ദി, നമസ്കാരം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജനുവരി 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.06-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.